**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 272** **27-06-2022 - ൽ മറുപടിയ്ക്ക്**

**കൗമാരക്കാരായ പെൺകുട്ടികൾക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിത-ശിശുവികസന വകുപ്പ് കൗമാരക്കാരായ പെൺകുട്ടികൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ? | (എ) | (എ) സംസ്ഥാനത്തെ 11-14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ തുക ചെലവഴിച്ച് സ്കീം ഫോർ അഡോളസെന്റ് ഗേൾസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>2022 മാർച്ച് മാസത്തോടെ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി പുനരാവിഷ്കരിച്ച് പുതിയ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ആയതിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളിൽ പോകാത്ത പെൺകുട്ടികളെ തിരികെ സ്കൂളിലേയ്ക്ക് എത്തിക്കുന്നതിനായി 'കന്യാശിക്ഷ പ്രവേശ് ഉത്സവ്' എന്ന പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം സംസ്ഥാനത്തെ 1012 സ്കൂളുകളിൽ നിയമിച്ച സ്കൂൾ കൗൺസിലർമാർ ടി സ്കൂളുകളിൽ കൗമാര പ്രായക്കാരായ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗും മാർഗ നിർദ്ദേശങ്ങളും നൽകി വരുന്നു.<br><br>സംസ്ഥാനത്തെ അങ്കണവാടികളിൽ പ്രവർത്തിച്ചിരുന്ന കുമാരിക്ലബുകൾ 'വർണ്ണക്കൂട്ട്' എന്ന പേര് നൽകി പുനർജ്ജീവിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ആരോഗ്യ-പോഷണ വിദ്യാഭ്യാസം, നിയമസാക്ഷരത, ജീവിതനൈപുണ്യ വിദ്യാഭ്യാസം, നേതൃത്വപാടവം വർധിപ്പിക്കുന്നതിനുള്ള ക്ലാസുകൾ, മറ്റു വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം എന്നിവ നൽകി സംസ്ഥാനത്തെ കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ |

| | | | |
|---|---|---|---|
| | | | ശാക്തീകരണവും ശാരീരികവും മാനസികവുമായ ഉന്നമനവും വകുപ്പ് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ